# <u>സംസ്ഥാന ആസൂത്രണ ബോർഡ്</u>

എസ്.പി.ബി/201/2023-ഇ3.

പട്ടം പാലസ് പി.ഒ
തിരുവനന്തപുരം
തീയതി. 07-11-2024

## <u>പരിപത്രം</u>

**വിഷയം :** സംസ്ഥാന ആസൂത്രണ ബോർഡ്, ജീവനക്കാര്യം – പി.എഫ് നോമിനേഷൻ ഫാറം സ്പാർക്ക് മുഖേന സമർപ്പിക്കുന്നത് – സംബന്ധിച്ച്.

**സൂചന :** ധനകാര്യ (പി എഫ്) വകുപ്പിലെ സർക്കുലർ നം.58/2024/ധന തീയതി: 28.09.2024

സംസ്ഥാന സർക്കാർ മുഖേന നടപ്പാക്കിവരുന്ന ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരളം) പദ്ധതിയുടെ കീഴിൽ വരിക്കാരായുള്ള ജീവനക്കാർ സൂചന സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി യഥാവിധി പൂരിപ്പിച്ച ഫോം ബി (നോമിനേഷൻ ഫോം) 2024 ഒക്ടോബർ 15 മുതൽ നിലവിൽ വന്ന സ്പാർക്ക് സംവിധാനത്തിലൂടെ അപ് ലോഡ് ചെയ്തു സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ, സൂചന സർക്കുലറിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാന ആസൂത്രണ ബോർഡ് വകുപ്പിലെ ആസ്ഥാന കാര്യാലയത്തിലും എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസുകളിലുമുള്ള നാളിതുവരെ ഫിസിക്കലായി നോമിനേഷൻ ഫോമുകൾ **(ജി.പി.എഫ്)** സമർപ്പിച്ചിട്ടുള്ള എല്ലാ ഗസറ്റഡ്/ നോൺ ഗസറ്റഡ് ജീവനക്കാരും **<u>സൂചന സർക്കുലറിൽ പരാമർശിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി സ്പാർക്ക് സോഫ്റ്റ് വെയർ</u>** സംവിധാനം ഉപയോഗിച്ച് നോമിനേഷൻ ഫോമുകൾ സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത അറിയിപ്പ് എല്ലാ ജിവനക്കാർക്കും ലഭിച്ചുവെന്ന് അതാത് ഡിവിഷൻ/സെക്ഷൻ/ആഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്. സൂചന സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**ഗോപിനാഥ്.ആർ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**( മെമ്പർ സെക്രട്ടറിക്ക് വേണ്ടി )**

സ്വീകർത്താവ്

എല്ലാ ഡിവിഷൻ/സെക്ഷൻ/ആഫീസ് മേധാവികൾക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും

പകർപ്പ്

ഐ.ടി.വിംഗ് (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

നോട്ടീസ് ബോർഡ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ

Signed by
Gopinath R
Date: 07-11-2024 10:49:55

119

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

STATE PLANNING BOARD
0 2 NOV 2024
THIRUVANANTHAPURAM-04

ധനകാര്യ (പി എഫ്) വകുപ്പ്

## സർക്കുലർ

നമ്പർ. 58/2024/ധന. തിരുവനന്തപുരം, തീയതി : 28.09.2024

വിഷയം : സംസ്ഥാന ജനറൽ പ്രോവിഡന്റ് ഫണ്ട് പദ്ധതി - നോമിനേഷൻ ഫയൽ ചെയ്യുന്നതിനും അസാധുവായ നോമിനേഷനുകൾ പുതുക്കുന്നതിനും കൂടുതൽ വ്യക്തത വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1. 07.02.2012 ലെ സ. ഉ. (പി) നം. 94/2012/ധന. ഉത്തരവ്
2. 02.08.2024 ലെ പരിപത്രം നം. 47/2024/ധന
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയുടെ 11.09.2024 ലെ ഡെമി ഒഫീഷ്യൽ ലെറ്റർ നം. FM-III/MAR/NOMINATION/E-2065011)

സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കിവരുന്ന ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരളം) പദ്ധതിയുടെ കീഴിൽ വരിക്കാരായിട്ടുള്ള ജീവനക്കാരിൽ സാധുവായ നോമിനേഷൻ ഇല്ലാത്തതിനാൽ ക്ലോഷർ തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ സൂചന 2-ലെ സർക്കാർ പരിപത്രം പ്രകാരം ടി പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ ജീവനക്കാരും 2024 സെപ്റ്റംബർ 30-ന് മുൻപായി, നിർദ്ദിഷ്ട പരിപത്രത്തിലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങൾ 2011 ലെ ചട്ടം 5(1) പ്രകാരമുള്ള ഫോം ബി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഫോം ബി-യിൽ വരിക്കാർ രേഖപ്പെടുത്തി സമർപ്പിച്ച വിവരങ്ങളിൽ ധാരാളം തെറ്റുകൾ വരുന്നതിനാലും കൂടാതെ ഫോം ബി യിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ ആശയക്കുഴപ്പം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാലും ഇനിമുതൽ ഫോം ബി യിൽ നോമിനേഷൻ, സ്പാർക്ക് മുഖേന അപ് ലോഡ് ചെയ്യുവാനും ആയത് പ്രത്യേകമായും ഗസറ്റഡ് ജീവനക്കാർക്ക് എ ജി യിലേക്ക് അയക്കുവാനുള്ള സംവിധാനം സജ്ജീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ടി സോഫ്റ്റ് വെയർ ക്രമീകരണം 2024 ഒക്ടോബർ 15 മുതൽ നിലവിൽ വരുന്നതാണ്. ആയതിനാൽ, ഫിസിക്കൽ ആയി പൂരിപ്പിച്ച ഒപ്പിട്ട ഫോമുകൾ ഇനി മുതൽ

എ ജി യിലേക്ക് നേരിട്ടോ തപാൽ മുഖേനയോ അയക്കേണ്ടതില്ല എന്നും താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പൂരിപ്പിച്ച ഫോം ബി - 2024 ഒക്ടോബർ 15 മുതൽ നിലവിൽ വരുന്ന സ്പാർക്ക് സംവിധാനത്തിലൂടെ അപ് ലോഡ് ചെയ്ത സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. ഫോം ബി യിലെ എല്ലാ കോളങ്ങളും വരിക്കാരൻ പൂരിപ്പിക്കേണ്ടതാണ്. ആയതിനാൽ column 1 മുതൽ column 5 വരെ നിർബന്ധമായും പൂരിപ്പിക്കേണ്ടതും 6,7 എന്നീ കോളങ്ങൾ ബാധകമായവർ പൂരിപ്പിക്കേണ്ടതും ബാധകമല്ലാത്തവർ "Not Applicable" എന്ന് വ്യക്തമാക്കേണ്ടതുമാണ്.

2. ഫോം ബി യിൽ പറയുന്ന അക്കൗണ്ട് നമ്പർ എന്നത് ജനറൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നമ്പർ ആണ്.

3. ഫോമിൽ നിഷ്കർഷിക്കുന്ന സാക്ഷികൾ സർക്കാർ ജീവനക്കാർ ആയിരിക്കണം.

4. <u>Column 1 & 2 എന്നിവ പൂരിപ്പിക്കുന്നത് സംബന്ധിച്ച്</u>

a) സൂചന -1 ഉത്തരവിലെ ചട്ടം 2(C) പ്രകാരമുള്ള അംഗങ്ങളെയാണ് നോമിനേറ്റ് ചെയ്യേണ്ടത്. അപ്രകാരം അംഗങ്ങൾ ഇല്ലാത്തപക്ഷം മാത്രമേ മറ്റുള്ളവരെ നോമിനേറ്റ് ചെയ്യാൻ പാടുള്ളൂ. ചട്ടം 2(C) പ്രകാരമുള്ള അംഗങ്ങൾ അല്ലാത്തപക്ഷം അതിനുള്ള കാരണം (declaration form) രേഖപ്പെടുത്തേണ്ടതാണ്. ചട്ടം 2(C) പ്രകാരമുള്ള അംഗങ്ങൾ പ്രധാനമായും താഴെ പറയുന്നവർ ആണ് :-

I. ഭാര്യ - വിവാഹിതനായ പുരുഷൻ വരിക്കാരൻ ആകുന്ന സാഹചര്യം

ii. ഭർത്താവ് - വിവാഹിതയായ സ്ത്രീ വരിക്കാരി ആകുന്ന സാഹചര്യം

iii. പ്രായപൂർത്തിയാകാത്ത മക്കൾ

iv. അവിവാഹിതയായ അഥവാ വിധവയായ അഥവാ വിവാഹമോചിതയായ പെൺമക്കൾ

v. പ്രായപൂർത്തിയായ മക്കൾ

vi. വിവാഹിതരായ പെൺമക്കൾ

vii. പിതാവ്

viii. മാതാവ്

ix. പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ

x. അവിവാഹിതരായ സഹോദരിമാർ

xi. മുൻപ് മരിച്ച മകന്റെയോ മകളുടെയോ കുട്ടികൾ

xii. പിതാവിന്റെ മാതാപിതാക്കൾ

ചട്ടം 2(C) പ്രകാരമുള്ള മറ്റ് അംഗങ്ങൾ തുടങ്ങിയവ.

b) ഒന്നിൽ കൂടുതൽ നോമിനികളെ നോമിനേറ്റ് ചെയ്യാവുന്നതാണ്.

5. Column 3

വയസിനോടൊപ്പം ജനനതീയതി രേഖപ്പെടുത്തേണ്ടതാണ്.

6. Column 4

a) ഓരോ നോമിനികൾക്കുമായുള്ള ഓഹരി വിഹിതം നിർണ്ണയിക്കുമ്പോൾ ആയത് ഒരു ഭിന്നസംഖ്യ/ദശാംശം ആയിരിക്കരുത്. പകരം പൂർണസംഖ്യ ആയിരിക്കണം. കൂടാതെ ആകെ വിഹിതം 100 ശതമാനം ആയിരിക്കണം.

b) Column 1-ൽ ഒരാളെ മാത്രമായി നോമിനി എന്ന് പ്രസ്താവിക്കുകയാണെങ്കിൽ Column 4-ൽ " 100%" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

7. Column 5

a) സൂചന 2 ലെ പരിപത്രത്തോടൊപ്പമുള്ള ഫോം ബി-യുടെ നിർദ്ദശങ്ങളിൽ "Death" ഒരു ആകസ്മിക കാരണമല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് രേഖപ്പെടുത്താൻ പാടുള്ളതല്ല.

b) "Acquiring a family member" അഥവാ "On filing fresh nomination" എന്നാണ് ഒരു വരിക്കാരന് സാധാരണയായി രേഖപ്പെടുത്താവുന്നത്.

8. Column 6 & 7

a) Column 6 ഉദ്ദേശിക്കുന്നത് Column 1-ൽ സൂചിപ്പിച്ചിട്ടുള്ള നോമിനി മരിക്കുകയാണെങ്കിൽ "Alternative Nominee"-യെ നിർദ്ദേശിക്കാം എന്നാണ്. യാതൊരു കാരണവശാലും ഒരു നോമിനിയും "Alternative Nominee"-യും ഒന്നാകാൻ പാടില്ല. എന്നാൽ Column 1-ൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് നോമിനികളെ "Alternative Nominee" ആയി രേഖപ്പെടുത്താവുന്നതാണ്. കൂടാതെ ചട്ടം 2 (C) പ്രകാരമുള്ള അംഗങ്ങൾ അല്ലാത്തവർ "Alternative Nominee" ആകുന്നപക്ഷം അതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്. Column 1-ലും "Alternative Nominee" -യിലും മൈനർ ഉൾപ്പെടുന്നപക്ഷം ജനന തീയതി രേഖപ്പെടുത്തേണ്ടതും കോളം 7 നിർബന്ധമായും പൂരിപ്പിക്കേണ്ടതുമാണ്. "Alternative Nominee" ക്കുള്ള വിഹിതം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

9. Column 6 ഉം Column 7 ഉം രേഖപ്പെടുത്തുവാൻ താല്പര്യം ഇല്ലാത്തപക്ഷം "Not Applicable" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

10. നാളിതുവരെ ഫിസിക്കലായി നോമിനേഷൻ ഫോമുകൾ സമർപ്പിച്ചിട്ടുള്ള ഗസറ്റഡ് / നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരും മേൽ പരാമർശിച്ച സോഫ്റ്റ് വെയർ സംവിധാനം വരുന്ന മുറയ്ക്ക് പുതുക്കിയ നോമിനേഷനുകൾ സമർപ്പിക്കേണ്ടതാണ്.

ഗസറ്റഡ് / നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ എന്ന് വ്യത്യാസമില്ലാതെ നോമിനേഷൻ

ഫോമുകൾ സ്പാർക് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുവാനുള്ള സംവിധാനം ആണ് നിശ്ചയിച്ചിരിക്കുന്നത്. ആയതിലേക്കുള്ള ട്യൂട്ടോറിയൽ സ്പാർക്കിന്റെ https://www.info.spark.gov.in എന്ന വെബ് സൈറ്റിൽ ഉടനെ ലഭ്യമാക്കുന്നതാണ്.

ടി വിഷയത്തിൽ തുടർ നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഡോ എ. ജയതിലക് ഐ എ എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - II ) കേരള, തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
5. രജിസ്ട്രാർ, കേരള ഹൈക്കോർട്ട്, എറണാകുളം.
6. മുഖ്യ മന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
7. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
8. സെക്രട്ടറി, കേരള ഗവർണ്ണർ
9. പ്രൈവറ്റ് സെക്രട്ടറി സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ
10. പ്രൈവറ്റ് സെക്രട്ടറി , പ്രതിപക്ഷ നേതാവ്, തിരുവനന്തപുരം
11. സ്റ്റാഫ് ഓഫീസർ, ഓഫീസ് ഓഫ് ദി ചീഫ് സെക്രട്ടറി
12. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരള
13. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
14. കേരള ലോകായുക്ത രജിസ്ട്രാർ, തിരുവനന്തപുരം
15. എല്ലാ വകുപ്പ് മേധാവികൾക്കും
16. പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി
17. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
18. പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി
19. നോഡൽ ഓഫീസർ, www.finance.kerala.gov.in
20. ഓഫീസ് കോപ്പി (E 2911338)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.